**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **06-07-2022 - ൽ മറുപടിയ്ക്ക്**

**നെടുങ്കണ്ടം അഗ്നിശമന സേന ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നെടുങ്കണ്ടം അഗ്നിശമനസേനാ വിഭാഗം ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ടോ; | (എ) | ഉടുമ്പൻചോല താലൂക്കിൽ കൽകൂന്തൽ വില്ലേജിൽ സർവ്വേ നം.143/1-ൽ കച്ചേരി സെറ്റിൽമെന്റിൽ ഉൾപ്പെട്ട 0.3336 ഹെക്ടർ (82.43 സെന്റ്) ഭൂമി റവന്യൂ വകപ്പിൽ നിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | നെടുങ്കണ്ടം നിലയം ഇപ്പോൾ വാടക കൊടുക്കാതെ പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകുപ്പിന് അനുവദിച്ച 4.5 കോടി രൂപയിൽ നെടുങ്കണ്ടം നിലയത്തിന്റെ കെട്ടിട നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. നെടുങ്കണ്ടം നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 5 കോടി രൂപയുടെ എസ്റ്റിമേറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ